## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2363 | 17.08.2017-ന് മറുപടിയ്ക്ക്

### ദിശ 2017 പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ഡോ. എൻ. ജയരാജ് :**<br>**ശ്രീ. റോഷി അഗസ്റ്റിൻ :**<br>**ശ്രീ. സി. എഫ്. തോമസ് :** | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ദിശ 2017' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 'ദിശ' പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 98,000/- രൂപയിലും നഗര പ്രദേശങ്ങളിൽ 1,20,000/- രൂപയിലും താഴെയുള്ള മറ്റ് പിന്നോക്ക സമുദായങ്ങളിൽ ഉൾപ്പെടുന്നവരും, കുടുംബ വാർഷിക വരുമാനം 6,00,000/- (ആറ് ലക്ഷം രൂപ) രൂപയിൽ താഴെയുള്ള മതന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരും ആണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. |
| (സി) പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ ? | (സി) പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. ഒ.ബി.സി. വിഭാഗത്തിനുവേണ്ടിയുള്ള വായ്പാ പദ്ധതി

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. പരമാവധി വായ്പാ തുക 10 ലക്ഷം രൂപയാണ്. ഗ്രാമങ്ങളിൽ 98,000/- രൂപയിലും നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് വായ്പ നൽകുന്നത്. പദ്ധതി അടങ്കലിന്റെ 90% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി (മാസ തവണകൾ) |
|---|---|---|---|
| സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% | 2 ലക്ഷം രൂപ വരെ - 60 മാസം<br>2 മുതൽ 5 ലക്ഷം വരെ - 72 മാസം<br>5 ലക്ഷത്തിനുമുകളിൽ - 84 മാസം |

## 2. മത ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വായ്പാ പദ്ധതികൾ

മത ന്യൂനപക്ഷ വിഭാഗത്തിനുവേണ്ടി 2 സ്വയം തൊഴിൽ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

### പദ്ധതി - 1

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. ഗ്രാമങ്ങളിൽ 81,000/- രൂപയിലും നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ള 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് വായ്പ നൽകുന്നത്. പരമാവധി വായ്പാ തുക 15 ലക്ഷം രൂപയാണ്. പദ്ധതി അടങ്കലിന്റെ 90% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്.

### പദ്ധതി - 2

ഗ്രാമ നഗര ഭേദമില്ലാതെ 6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന താണ്. സ്ത്രീകൾക്ക് 6% പലിശ നിരക്കിലും പുരുഷൻമാർക്ക് 8% പലിശ നിരക്കിലുമാണ് വായ്പ

(....2)

അനുവദിക്കുന്നത്. മറ്റ് വ്യവസ്ഥകൾ പദ്ധതി -1 ന് സമാനമാണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി (മാസ തവണകൾ) |
|---|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1 (ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാന മുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% | 60 മാസം |
| 2. സ്വയം തൊഴിൽ പദ്ധതി - 2 (6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | പുരുഷൻമാർ - 8%<br>സ്ത്രീകൾ - 6% | 60 മാസം |

പദ്ധതി പ്രകാരമുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം കോർപ്പറേഷന്റെ വെബ്സൈറ്റ് ആയ www.ksbcdc.com -ൽ സജ്ജീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നവരെ ഫോൺ / എസ്.എം.എസ് / ഇ-മെയിൽ എന്നിവ മുഖാന്തിരം ബന്ധപ്പെട്ട് സംരംഭകത്വ പരിശീലനവും കോർപ്പറേഷന്റെ വായ്പാ പദ്ധതികൾ സംബന്ധിച്ചുള്ള നിബന്ധനകളും അറിയിക്കുന്നതിന് വേണ്ടി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കാറുണ്ട്. കോർപ്പറേഷനിൽ നിന്നും വായ്പ എടുക്കാൻ താൽപര്യമുള്ളവർക്ക് പ്രസ്തുത പരിപാടിയിൽ വച്ച് വായ്പാ അപേക്ഷാ ഫോറം വിതരണം ചെയ്യാറുണ്ട്. ഗുണഭോക്താക്കൾക്ക് ഓൺലൈൻ മുഖാന്തിരമോ, നേരിട്ട് അതാത് ജില്ലാ ഓഫീസിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ